**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5179** **21-03-2025 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് സമഗ്ര തെങ്ങ് കൃഷി പരിപാലനത്തിനുള്ള കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; എന്തൊക്കെ സഹായങ്ങളാണ് ഇതുവഴി പഞ്ചായത്തിന് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ? | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന്, കണ്ണപുരം, കുഞ്ഞിമംഗലം, ചെറുതാഴം എന്നീ പഞ്ചായത്തുകളിൽ സമഗ്ര തെങ്ങുകൃഷി പരിപാലനത്തിനുള്ള കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.<br><br>**ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകൾ:** ടി പഞ്ചായത്തുകളിൽ സംയുക്തമായി 2017-18 വർഷത്തിൽ നടപ്പിലാക്കിയ കേരഗ്രാമം ഒന്നാം വർഷ പദ്ധതിയിൽ 43750 എണ്ണം തെങ്ങുകളുടെ തടം തുറക്കൽ, വളം, കുമ്മായം, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ വിതരണം, 23625 തെങ്ങുകൾക്ക് ജൈവവളം വിതരണം ചെയ്യൽ, 2267 എണ്ണം പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചു മാറ്റുകയും പുതിയ തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു . ആറ് ജൈവ വള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുകയും 15 ഹെക്ടർ വിസ്തൃതിയിൽ അധികമായി ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തെങ്ങുകയറ്റ യന്ത്രം 175 എണ്ണം വിതരണം ചെയ്യുകയും ആകെ പദ്ധതി ഇനത്തിൽ 74.29 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**ചെറുതാഴം പഞ്ചായത്ത്:** 2022-23, 2023-24, 2024-25 വർഷങ്ങളിലായി കേരഗ്രാമം ഒന്ന്, രണ്ട്, മൂന്ന് വർഷ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 17500 എണ്ണം തെങ്ങുകളുടെ തടം തുറക്കൽ, വളം, കുമ്മായം, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ വിതരണം, 100 ഹെക്ടർ വിസ്തൃതിയിൽ ഇടവിള കൃഷി, 188 എണ്ണം പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുകയും പുതിയവ നട്ടു പിടിപ്പിക്കുകയും ചെയ്തു. രണ്ട് ജൈവ വള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുകയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 30 എണ്ണം പമ്പ്സെറ്റ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തെങ്ങുകയറ്റ യന്ത്രം 39 എണ്ണം വിതരണം ചെയ്യുകയും ആകെ പദ്ധതി ഇനത്തിൽ മൂന്ന് വർഷങ്ങളിലായി 37.67 ലക്ഷം രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**കുഞ്ഞിമംഗലം പഞ്ചായത്ത്:** 2024-25 വർഷത്തിൽ നടപ്പാക്കിയ കേരഗ്രാമം ഒന്നാം വർഷ പദ്ധതിയിൽ 17500 എണ്ണം തെങ്ങുകളുടെ തടം തുറക്കൽ, വളം, കുമ്മായം, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ വിതരണം, 100 ഹെക്ടർ വിസ്തൃതിയിൽ ഇടവിള കൃഷി, 4140 എണ്ണം പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുകയും പുതിയവ നട്ടു പിടിപ്പിക്കുകയും ചെയ്തു. ഒരു ജൈവ വള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുകയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 15 എണ്ണം പമ്പ്സെറ്റ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. തെങ്ങുകയറ്റ യന്ത്രം 29 എണ്ണം വിതരണം ചെയ്യുകയും ആകെ പദ്ധതി ഇനത്തിൽ 25.67 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ